പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1628 — 14/12/2012-ൽ മറുപടിയ്ക്ക്

**ഓയിൽ പാം ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

| ചോദ്യം<br>ശ്രീ. കെ. രാജു | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| --- | --- |
| എ)2.3.2012-ൽ കൃഷി വകുപ്പ് മന്ത്രി, ലേബർ കമ്മീഷണർ എന്നിവർ ഓയിൽപാം ഇന്ത്യാ ലിമിറ്റഡിലെ ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നടപ്പിലാക്കിയോ; വ്യക്തമാക്കാമോ; | (എ) ഓയിൽപാം പ്ലാന്റേഷനിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.കൃഷി വകുപ്പ് മന്ത്രി, മാനേജ്മെന്റിന്റേയും യൂണിയനുകളുടെയും ഒരു മീറ്റിംഗ് 02/03/2012 -ൽ വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ലേബർ കമ്മീഷണറും പങ്കെടുക്കുകയും മിനിമം വേതനം പുതുക്കുന്നതിനെ സംബന്ധിച്ച് ഒരു ഏകദേശ ധാരണയിലെത്തുകയുമുണ്ടായി. ഇതിന്റെ തുടർച്ചയായി ലേബർ കമ്മീഷണർ 08/08/2012-ൽ ബന്ധപ്പെട്ടവരുടെ മീറ്റിംഗ് വിളിക്കുകയും പ്രസ്തുത മീറ്റിംഗിൽ വേതനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്ത് ധാരണയിലെത്തുകയും ചെയ്തു. പ്രസ്തുത മീറ്റിംഗിലെ ധാരണ പ്രകാരം വേതന വർദ്ധനവിന്റെ ഭാഗമായി, അഡ്വാൻസ് ഓണത്തിനു മുന്നോടിയായി നൽകുകയുമുണ്ടായി. |
| ബി) ഇല്ലെങ്കിൽ നാളിതുവരെ പ്രസ്തുത പരിഷ്കരണം പ്രാബല്യത്തിൽ വരുത്തുന്നതിന് നേരിട്ട കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പരിഷ്കരണം എന്ന് നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;<br><br>സി)ഓയിൽപാം ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട ദീർഘകാല കരാറിന്റെ കാലാവധി 40 മാസങ്ങൾ പിന്നിട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ നാളിതുവരെ ചർച്ചകൾ ഒന്നുംതന്നെ നടക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിൽ എന്തൊക്കെ നടപടികൾ സ്വീരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി &സി) മിനിമം വേജസ് ആക്ട് പ്രകാരം വേതനം പുതുക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ ലേബർ ഡിപ്പാർട്ടമെന്റ് ആണ് സ്വീകരിക്കുന്നത്. മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് നോട്ടിഫിക്കേഷൻ പ്രാബല്യത്തിലാക്കുന്നതനുസരിച്ച് വേതനം പുതുക്കി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ